## ലക്ഷ്യം ജി.സി.സി രാഷ്ട്രങ്ങളിലെ വിപണി

# സൊഹാറിൽ ഒമാനി ഉൽപന്നങ്ങളുടെ പ്രദർശനം

**മസ്കത്ത്:** ഒമാനി ഉൽപന്നങ്ങളുടെ പ്രദർശനം മാർച്ച് 10 മുതൽ 12 വരെ സൊഹാറിൽ നടക്കും. ഒമാൻ ഇൻറർനാഷനൽ എക്സിബിഷൻ സെൻററിൽ നടക്കുന്ന മേള നോർത് ബാത്തിന ഗവർണർ ശൈഖ് മുഹാന്ന ബിൻ സെയ്ഫ് അൽ ലാം കി ഉദ്ഘാടനം ചെയ്യും. പബ്ലിക് എസ്റ്റാബ്ലിഷ്മെൻറ് ഫോർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്സ് സിൽവർ സ്റ്റാർ കോർപറേഷൻെറ സഹകരണത്തോടെയാണ് പ്രദർശനം. 'ഒമാനി 2015' പ്രദർശന സീരീസിൻെറ ഭാഗമായാണ് പരിപാടി.

'ഉയർന്ന നിലവാരത്തിലുള്ള ഉൽപന്നങ്ങൾ ആകർഷകമായ നിരക്കിൽ മേളയിൽ ലഭ്യമാകും. ജി.സി.സി രാഷ്ട്രങ്ങളിലെ വിപണി പ്രവേശം ലക്ഷ്യമിട്ടാണ് സൊഹാറിൽ പ്രദർശനം സംഘടിപ്പിക്കുന്നത്.